# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3342

29-01-2014 ൽ മറുപടിയ്ക്ക്

## അങ്കമാലി മാഞ്ഞാലിത്തോടിന്റെ സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോസ് തെറ്റയിൽ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) അങ്കമാലി നിയോജക മണ്ഡലത്തിലെ കാർഷികമേഖലയിലെ ജലസേചനത്തിൽ മുഖ്യപങ്കു വഹിക്കുന്ന അങ്കമാലി മാഞ്ഞാലിത്തോടിന്റെ കൈവഴികളായ മൂക്കന്നൂർ തോട്, കറുകുറ്റി തോട്, മൂന്നുതോട് തുടങ്ങിയവയുടെ ശോചനീയാവസ്ഥ പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) അങ്കമാലി മാഞ്ഞാലിത്തോടിന്റെ കൈവഴികളായ മൂക്കന്നൂർ തോട് കറുകുറ്റി തോട്, മൂന്നുതോട് എന്നീ തോടുകളുടെ പുനരുദ്ധാരണത്തിനായി, കൃഷി വകുപ്പിലും മണ്ണ് പര്യവേഷണ-മണ്ണ് സംരക്ഷണ വകുപ്പിലും പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല. എന്നാൽ ജലസേചന വകുപ്പിൽ ഇതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) എങ്കിൽ, എന്തെല്ലാം നടപടികളാണു സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും പായലും, കുറ്റിച്ചെടികളും വളർന്ന് എക്കലും മണ്ണും അടിഞ്ഞുകൂടി സുഗമമായ ഒഴുക്കിന് ഭംഗം നേരിട്ട തോടുകൾ പുനരുദ്ധരിക്കുന്നതിന് വിശദമായ പദ്ധതി റിപ്പോർട്ട് ജലസേചന വകുപ്പ് തയ്യാറാക്കി വരുന്നു. |
| (സി) ഇല്ലെങ്കിൽ, കാർഷികമേഖല ആശ്രയിക്കുന്ന ഈ തോടുകൾ പുനരുദ്ധരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ